17/03/2025 ന് രാവിലെ 10.00 മണിക്ക് മുഴപ്പിലങ്ങാട് ഗ്രാമ പഞ്ചായത്തിൽ വെച്ച് ചേർന്ന സിറ്റിസൺ അസിസ്റ്റന്റ് ഉപജില്ലാ സമിതി 4 ന്റെ യോഗത്തിൽ പങ്കെടുത്തവരും തീരുമാനങ്ങളും

1. വി. വി. രത്നാകരൻ –കൺവീനർ & ഐ. വി. ഒ –(ഒപ്പ് )

2. റംസീന വി –അസിസ്റ്റൻറ് എക്സി. എൻജിനിയർ LSGD – മെമ്പർ –(ഒപ്പ് )

3. രാജീവ് പി എം – അസിസ്റ്റൻറ് ടൌൺ പ്ലാനർ LSGD Planning– മെമ്പര് (ഒപ്പ് )

4. വിനോദ് കൃഷ്ണൻ .സെക്രട്ടറി മുഴപ്പിലങ്ങാട് GP ––(ഒപ്പ് )

5. റെനിഷ കെ.വി. ഓവർസിയർ മുഴപ്പിലങ്ങാട് GP ––(ഒപ്പ് )

6. ഷമിത ടി ടി . ഓവർസിയർ മുഴപ്പിലങ്ങാട് GP ––(ഒപ്പ് )

7. ഇ കെ മഹേഷ് (പ്രമോദൻ ഇ കെ ക്ക് വേണ്ടി ) ––(ഒപ്പ് )

DOCKET NUMBER BPKNR 41140000055 (മുഴപ്പിലങ്ങാട് ഗ്രാമപഞ്ചായത്ത്)

87,/03–2025 DT. 17/03/2025

ഉപജില്ലാ അദാലത്ത് പോർട്ടലിൽ പ്രമോദൻ ഇ കെ, കണ്ണോത്ത് ഹൌസ്,കണ്ണൻ വയൽ,പി ഒ മുഴപ്പിലങ്ങാട്, കണ്ണൂർ–670662 എന്നവർ ലഭ്യമാക്കിയ, 23/11/2024 തീയ്യതി 75.05 ച.മീ. തറ വിസ്തീർണ്ണമുള്ള A1 വിനിയോഗ ഗണത്തിൽപ്പെട്ട കെട്ടിടം ക്രമവൽക്കരിച്ച് നമ്പർ അനുവദിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ താഴെ പറയുന്ന അപാകത ഉള്ളതായി നോട്ടീസ് ലഭിച്ചു.

1. പ്ലോട്ടിലേക്ക് ആധാര പ്രകാരം വഴിയില്ല. പ്രൈവറ്റ് റോഡ് എന്ന് പ്ലാനിൽ രേഖപ്പെടുത്തിയതിന്റെ ആധികാരികത തെളിയിക്കുന്ന റവന്യൂ രേഖ ഹാജരാക്കേണ്ടതാണ്.

2. ഹാജരാക്കിയ ഫോട്ടോയിൽ Septic Tank, Sock Pit, Waste Water Pit, Rain water Pit എന്നിവ നിർമ്മിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല.

1. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം–2019 ചട്ടം 28 പ്രകാരം 300 ച. മീ. വരെ തറ വിസ്തീർണ്ണമുള്ള എ1 വിനിയോഗ ഗണത്തിൽപ്പെട്ട കെട്ടിടങ്ങക്ക് പ്രവേശന മാർഗ്ഗം 'മിനിമം ഇല്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. 75.05 ച.മീ. തറ വിസ്തീർണ്ണമുള്ള പരാമർശിത കെട്ടിടത്തിലേക്ക് ശരാശരി 4 മീ. വീതിയിൽ 10 മീ. ദൂരത്തിലും തുടർന്ന് ആധാര പ്രകാരവും സുഗമമായ പ്രവേശന മാർഗ്ഗം ലഭ്യമാകുന്നുണ്ട്.

2. കെട്ടിടം ക്രവവൽക്കരിച്ച് നമ്പർ അനുവദിക്കുന്നതിനാണ് അപേക്ഷ സമർപ്പിച്ചത്. പ്രസ്തുത കെട്ടിടത്തിൽ ആൾ താമസവുമുണ്ട്. ആയതുകൊണ്ട് തന്നെ കെട്ടിടത്തിൽ Septic Tank, Sock Pit, Waste Water Pit, Rain water Pit എന്നിവയുടെ നിർമ്മാണം നടത്തിയിട്ടുണ്ട്. അത് നേരിൽ പരിശോധിച്ച് ബോധ്യപ്പെടാവുന്നതാണ്. ഫോട്ടോ നോക്കി ഇവയുടെ നിർമ്മാണം നടത്തിയിട്ടുണ്ടോയെന്ന പരിശോധിക്കുന്നതിന് നിലവിലെ ചട്ടങ്ങളിൽ പരാമർശമില്ല.

ആയതിനാൽ ഒരു കൂലി പണിക്കാരനായ ഞാൻ 75.05 ച.മീ. തറ വിസ്തീർണ്ണത്തിൽ നിർമ്മിച്ച വീട്ടിന് നമ്പർ അനുവദിച്ചുതരണമെന്ന പരാതി അദാലത്ത് സമിതി പരിശോധിച്ചു

**മേൽ** പരാതി സംബന്ധിച്ച് ഫയൽ പരിശോധിച്ചതിൽ നിന്നും പരാതിക്കാരന്റെ പ്രതിനിധിയെയും ഗ്രാമപഞ്ചായത്ത് അധികൃതരെയും നേരിൽ കേട്ടതില് നിന്നും ചുവടെ പറയുന്ന കാര്യങ്ങൾ കമ്മിറ്റിക്ക് ബോധ്യപ്പെട്ടു .

പരാതിക്കാരന്റെ പ്രതിനിധിയെ കേട്ടതിൽ നിന്നും A1 വിനിയോഗ ഗണത്തിൽപ്പെട്ട 75.05 ച.മീ. തറ വിസ്തീർണ്ണം ഉള്ള ഏകവാസഗ്രഹം ക്രമവൽക്കരിച്ച് നമ്പർ നൽകുന്നതിനുള്ള അപേക്ഷയാണ് ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ചിരുന്നത് എന്നും, ടി സ്ഥലം കൂടി ഉൾപ്പെടുന്ന സ്ഥലത്ത് ഏകദേശം 50 വർഷം മുന്നേ കുടുംബമായി താമസിച്ചുവരുന്ന വീട് പുതുക്കി പണിത് വീട്ട് നമ്പര് VI/623 പ്രകാരം നിലവിൽ ഉപയോഗിച്ചു വരുന്നതുമാണ്. മേൽ സ്ഥലത്തിന്റെ ഒരു ഭാഗം സഹോദരനായ അപേക്ഷകന് നൽകിയ സ്ഥലത്താണ് സഹോദരൻ വീട് നിർമ്മിച്ചിട്ടുള്ളത് എന്നും നിലവിൽ VI/623 വീടിലേക്ക് പണ്ട് മുതൽക്ക് ഉപയോഗിച്ചുവരുന്ന വഴി തന്നെയാണ് മേൽ കെട്ടിടത്തിലേക്ക് കാണിച്ചിട്ടുള്ളതെന്നും അറിയിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഓവർസിയർ എന്നിവരെ നേരിൽകേട്ടതിൽ നിന്നും രേഖ പ്രകാരം നിലവിൽ ഉപയോഗിക്കുന്ന വഴി ,വടക്കുഭാഗം ശ്രീധരൻ വക സ്ഥലം എന്നാണ് കാണിച്ചിരിക്കുന്നത് എന്നും അറിയിച്ചിട്ടുണ്ട്.

**മേൽ** വസ്തുതകളിൽ നിന്നും കെ.പി.ബി.ആർ 2019 ചട്ടം 28(1) പ്രകാരം 300 ചതുരശ്ര മീറ്റർ വരെയുള്ള വീടുകൾക്ക് വേണ്ട വഴി വീതി 'NO MINIMUM' എന്ന് പ്രതിപാദിച്ചിട്ടുള്ളതിനാൽ നിലവിൽ അപേക്ഷകൻ മേൽ സൂചിപ്പിച്ച പ്രകാരം സ്ഥലത്തേക്ക് ഉപയോഗിക്കുന്ന വഴി പരിശോധിച്ച് തീരുമാനമെടുക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു. സെപ്റ്റിക് ടാങ്കിന്റെ വിഷയത്തിൽ 100 ചതുരശ്ര മീറ്റർ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് മാത്രമേ സെപ്റ്റിക് ടാങ്ക് ചട്ടപ്രകാരം നിർബന്ധമാക്കിയിട്ടുള്ളൂ. ആയതിനാൽ അതിരിൽ നിന്നും കിണറുകളിൽ നിന്നും ചട്ടപ്രകാരം വേണ്ട അകലം നിർമ്മിച്ച സെപ്റ്റിക് ടാങ്ക്, Sock Pit, Waste Water Pit, Rain water Pit, എന്നിവക്ക് ഉറപ്പുവരുത്തി തീരുമാനമെടുക്കുവാനും സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു. ടി വിവരം അപേക്ഷകനെ രേഖാമൂലം അറിയിക്കുന്നതിന് സെക്രട്ടറിയെ ചുമലപ്പെടുത്തി തീരുമാനിച്ചു.

യോഗം 10.45 ന് അവസാനിച്ചു

//ശരിപകർപ്പ്//

RATNAKARAN. V.V.
PEN: 475963
ASSISTANT DIRECTOR & INTERNAL VIGILANCE OFFICER
O/o THE JOINT DIRECTOR
LOCAL SELF GOVERNMENT DEPARTMENT
CIVIL STATION, KANNUR - 670002